കാഞ്ഞിരപ്പുഴ മീഡിയം ജലസേചന പദ്ധതി, ഗ്രാമീണ പാലം നിർമ്മാണപദ്ധതികൾ, ഗ്രാമീണ റോഡ് പദ്ധതികൾ മുതലായവ.

(സി) നബാർഡിന്റെ ആർ.ഐ.ഡി.എഫ്.1 സ്കീമിൽ അനുവദിക്കുന്ന വായ്പക്ക് വാർഷികമായി 13% പലിശയും മറ്റ് സ്കീമുകളിൽ അനുവദിക്കുന്ന വായ്പകൾക്ക് 12% പലിശയുമാണ് നിശ്ചയിച്ചിട്ടുള്ളത്. ആർ.ഐ.ഡി.എഫ് 1 മുതൽ നാലു വരെയുള്ള വായ്പകൾ അനുവദിക്കുന്ന തീയതി മുതൽ 5 വർഷത്തിനുള്ളിൽ രണ്ട് വർഷത്തെ കാലാവധി ഇളവോടെ തുല്യ വാർഷിക ഗഡുക്കളായി തിരിച്ചടയ്ക്കേണ്ടതാണ്. എന്നാൽ ആർ. ഐ.ഡി.എഫ്. നാല് സ്കീമിൽ അനുവദിക്കുന്ന വായ്പകൾ 7 വർഷത്തിനുള്ളിൽ രണ്ടു വർഷത്തെ കാലാവധി ഇളവോടെ തുല്യ വാർഷിക ഗഡുക്കളായി തിരിച്ചടയ്ക്കേണ്ടതാണ്.

(ഡി) ഇതിനകം 15,69,61,700 രൂപ തിരിച്ചടച്ചിട്ടുണ്ട്.

(ഇ) നബാർഡിന്റെ ധനസഹായത്തിൻ കീഴിൽ ആരംഭിച്ചിട്ടുള്ളതും മുകളിൽ ചോദ്യം 'ബി'യ്ക്കുള്ള മറുപടിയിൽ പരാമർശിച്ചിട്ടുള്ളതുമായ വിവിധ പദ്ധതികളിൽ ആർ.ഐ. ഡി. എഫ് 1 ൽ ഉൾപ്പെട്ട ചിമ്മിണി മീഡിയം ജലസേചന പദ്ധതിയുടെ പണി ഏകദേശം പൂർത്തിയാക്കിയിട്ടുണ്ട്. കണക്കൻകടവ് മീഡിയം പദ്ധതി മിക്കവാറും ഈ വർഷം മാർച്ച് മാസത്തോടെ പൂർത്തിയാക്കാൻ കഴിയും. ആർ.ഐ.ഡി.എഫ് 11 ൽ ഉൾപ്പെട്ട നീർമറി പദ്ധതികളിൽ 23 എണ്ണം പൂർത്തിയായിട്ടുണ്ട്. മാത്രമല്ല, 92 ചെറുകിട ജലസേചന പദ്ധതികളും 17 ഗ്രാമീണ പാലങ്ങളുടെ പണിയും പൂർത്തിയായിട്ടുണ്ട്. ആർ. ഐ.ഡി.എഫ്.11ൽ ഉൾപ്പെട്ട 11 ഗ്രാമീണ പാലങ്ങളുടേയും ആർ.ഐ.ഡി.എഫ് നാലിൽ ഉൾപ്പെട്ട 19 ചെറുകിട ജലസേചന പദ്ധതികളുടേയും 3 പാലങ്ങളുടേയും ഒരു റോഡിന്റേയും പണി ഇതുവരെ പൂർത്തിയായിട്ടുണ്ട്. മറ്റ് പദ്ധതികളുടെ പണി നടത്തിക്കൊണ്ടിരിക്കുകയാണ്.

(എഫ്) ഉണ്ട്. നബാർഡ് പദ്ധതികളുടെ പുരോഗതി അവലോകനം ചെയ്യുന്നതിനുവേണ്ടി സർക്കാർ 8.9.1998-ൽ ചീഫ് സെക്രട്ടറി തലത്തിൽ ബന്ധപ്പെട്ട വകുപ്പു സെക്രട്ടറിമാരടങ്ങുന്ന ഒരു ഹൈവ പവർ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റി മൂന്നു മാസത്തിലൊരിക്കൽ നബാർഡ് പദ്ധതികളുടെ അവലോകനം നടത്തുന്നതാണ്. ഇതിനു പുറമേ അതാതു ജില്ലാകളക്ടർമാർ ചെയർമാനായി ജില്ലാതല ഓഫീസർമാർ അടങ്ങുന്ന കമ്മിറ്റി ഈ പദ്ധതികളുടെ പ്രവർത്തനങ്ങളുടെ അവലോകനം മാസംതോറും നടത്തുന്നു. ചിലപ്പോൾ ധനകാര്യം പ്രിൻസിപ്പൽ സെക്രട്ടറിയും സെക്രട്ടറി (ധനകാര്യ റിസോഴ്സസും) അവലോകനം നടത്താറുണ്ട്.

(ജി) 6 തവണ അവലോകനം നടത്തി. 8.9.98 ലെ സർക്കാർ ഉത്തരവ് (എം.എസ്) നം. 2011/98/ധന. അനുസരിച്ച് ചീഫ് സെക്രട്ടറി അധ്യക്ഷനായും ബന്ധപ്പെട്ട സെക്രട്ടറിമാർ അംഗങ്ങളായും പദ്ധതികളുടെ അവലോകനത്തിനായി ഒരു ഉന്നതാധികാര സമിതിയെ നിയമിച്ചിട്ടുണ്ട്. ഈ സമിതി 9.11.98, 30.1.99, 4.12.99, 8.2.2000 എന്നീ കാലയളവുകളിൽ പദ്ധതി അവലോകനം നടത്തിയിട്ടുണ്ട്. കൂടാതെ 25.8.98 ൽ ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറിയും പ്രത്യേകം അവലോകനം ചെയ്തിട്ടുണ്ട്.

ഗ്രൂപ്പു ഫാമിംഗ് സമ്പ്രദായം

11 (*371) ശ്രീ. കെ.എ. ചന്ദ്രൻ :
ശ്രീ. കെ.സി. വേണുഗോപാൽ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജോർജ്ജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ ഗ്രൂപ്പു ഫാമിംഗ് സമ്പ്രദായം നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം കൃഷിയിനങ്ങളിൽ എത്ര ഏക്കർ സ്ഥലത്തു വീതം നടപ്പിലാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) നെൽകൃഷിയിൽ ഗ്രൂപ്പു ഫാമിംഗ് സമ്പ്രദായം വ്യാപകമാക്കിയിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതിന്റെ ഫലമായി നെൽകൃഷിയിൽ എത്രകണ്ട് അഭിവൃദ്ധി ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) ഉണ്ട്.

(ബി) നെൽകൃഷിയിലാണ് ഗ്രൂപ്പു ഫാമിംഗ് നടപ്പിലാക്കിയിട്ടുള്ളത്. ഈ വർഷം 1.25 ലക്ഷം ഹെക്ടർ സ്ഥലത്താണ് ഈ സമ്പ്രദായം നടപ്പിലാക്കുന്നത്.

(സി) ആലപ്പുഴ, പാലക്കാട്, തൃശ്ശൂർ, എറണാകുളം, കോട്ടയം എന്നീ ജില്ലകളിലാണ് ഈ സാമ്പത്തിക വർഷം ഗ്രൂപ്പു ഫാമിംഗ് നടപ്പിലാക്കുന്നത്.

(ഡി) നെൽകൃഷിയിടങ്ങൾ കുറയുന്ന പ്രവണത ഒരു പരിധിവരെ തടയാൻ കഴിഞ്ഞിട്ടുണ്ട്. കൂടാതെ ഉല്പാദനക്ഷമത' 98-99-ൽ 2069 കിലോ അരി ആയി വർധിച്ചിട്ടുണ്ട്.

വനം മേഖല സംരക്ഷിക്കാൻ നിയമനിർമ്മാണം

12 (*372) ശ്രീ. കെ.എം. മാണി :
ശ്രീ. മാമ്മൻ മത്തായി :
ശ്രീ. സി.എഫ്. തോമസ് :
ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യവ്യക്തികളുടെ കൈവശം ഉള്ളതും പാരിസ്ഥിതിക പ്രാധാന്യം ഉള്ളതുമായ വനഭൂമി സർക്കാരിൽ നിക്ഷിപ്തമാക്കുന്നത് സംബന്ധിച്ച് നിയമനിർമ്മാണം നടത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ;

(സി) ഇതു സംബന്ധിച്ച നിർദ്ദേശത്തിൻമേൽ സ്വീകരിച്ച നടപടികളുടെ പുരോഗതി എന്താണെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ നിർദ്ദേശം സംബന്ധിച്ച തുടർ നടപടികൾക്കെതിരെ പരാതികൾ ഉണ്ടായിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. സി.കെ. നാണു) :

(എ)-(സി) പാരിസ്ഥിതിക പ്രാധാന്യമുള്ള സ്ഥലങ്ങൾ ഏറ്റെടുക്കുന്നതിനെപ്പറ്റി ഒരു നിയമനിർമ്മാണം സർക്കാരിന്റെ പരിഗണനയിലുണ്ട്.

(ഡി) പരാതികൾ ഒന്നും ലഭിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly